ഉത്തരം

(എ — സി) എം. എൽ. എ.-മാരുടെ നിവേദനത്തിന്മേൽ ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പ് അന്വേഷണം നടത്തുകയുണ്ടായി. ഈ അന്വേഷണ റിപ്പോർട്ടിന്മേൽ പൊതുമരാമത്ത് വകുപ്പ് വിശദമായ അന്വേഷണം നടത്തിവരുന്നു.

കെ. എസ്. ഇ. ബി.-യിൽ തസ്തികമാറ്റം വഴിയുള്ള ഡിവിഷണൽ അക്കൗണ്ടന്റിന്റെ ഒഴിവുകൾ

424 [2578] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിൽ തസ്തികമാറ്റം വഴിയുള്ള ഡിവിഷണൽ അക്കൗണ്ടന്റിന്റെ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ പ്രിലിമിനറി ടെസ്റ്റിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയുണ്ടായോ;

(സി) ഇതിന്റെ ഫൈനൽ പരീക്ഷയുടെ നോട്ടിഫിക്കേഷൻ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് ഫൈനൽ പരീക്ഷ നടത്തി നിയമനത്തിനുള്ള അന്തിമ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. ഇ. ബി.-യിൽ തസ്തികമാറ്റംവഴി നിയമനത്തിനായി 19 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രിലിമിനറി ടെസ്റ്റിന്റെ പരീക്ഷാഫലം 22-9-2003-ന് പ്രസിദ്ധീകരിച്ചു.

(സി ആന്റ് ഡി) ഫൈനൽ പരീക്ഷയിൽ ആരും വിജയിച്ചിട്ടില്ല. പ്രിലിമിനറി ഫൈനൽ പരീക്ഷകൾക്കുള്ള പുതിയ വിജ്ഞാപനം ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്.

സെറിഫെഡിന്റെ പ്രവർത്തനങ്ങൾ

425 [2711] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ സെറിഫെഡിന്റെ വരവ് ചെലവ് സംബന്ധിച്ച് വിശദാംശം നൽകാമോ;

(സി) ഈ കാലയളവിലെ ഉൽപ്പാദനത്തിന്റെയും പട്ടുനൂൽ നിർമ്മാണത്തിന്റെയും വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സെറിഫെഡിൽ ഇപ്പോൾ ആകെ എത്രപേരാണ് പണിയെടുക്കുന്നത് എന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര പേരെ ഓരോ തസ്തികയിലും നിയമിച്ചു;

(എഫ്) ജീവനക്കാരെ സ്ഥലംമാറ്റുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)

വർഷം	കൊക്കുണ ഉൽപ്പാദനം (മെട്രിക് ടൺ)	സിൽക്ക് (മെട്രിക് ടൺ)
2001-2002	2.48	29
2002-2003	2.60	33
2003-2004	4.04	59

(ഡി) അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ	..	44
ഫീൽഡ് അസിസ്റ്റന്റ്	..	159
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	..	1
ടൈപ്പിസ്റ്റ്	..	14
ഡ്രൈവർ	..	6
മെക്കാനിക്ക്	..	1
പ്യൂൺ/ഹെൽപ്പർ	..	51
ആകെ	..	276

(ഇ) ആരേയും നിയമിച്ചിട്ടില്ല.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY. ARCHIVES Kerala Legislative Assembly